സ്വാമി ശരണം

തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

സംഗ്രഹം

തിരുവിതാംകൂർ ദേവസ്വം ബോർഡ് ജീവനക്കാർ ധരിക്കുന്ന ഐഡന്റിറ്റി കാർഡ് റിബണിന്റെ നിറം ഏകീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉത്തരവ് നമ്പർ: ആർ.ഒ.സി. 08/2018/ഇ.ഡി.പി. നന്തൻകോട്, 19-1-2018

പരാമർശം :- 16-1-2018 ലെ ബോർഡ് തീരുമാനം.

ഉത്തരവ്

തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ഗസറ്റഡ് ഉദ്യോഗസ്ഥർ/ നോൺ ഗസറ്റഡ് ഉദ്യോഗസ്ഥർ/ക്ലാസ്സ്ഫോർ വിഭാഗം ജീവനക്കാർ ധരിക്കുന്ന ഐഡന്റിറ്റി കാർഡിന് യഥാക്രമം Light Blue, Dark Blue, Brown എന്നിങ്ങനെ മൂന്ന് വ്യത്യസ്ത നിറത്തിലുള്ള റിബൺ ആണ് നിലവിൽ നൽകിവരുന്നത്. ഇത്തര ത്തിലുള്ള വേർതിരിവ് ജീവനക്കാരിൽ മാനസിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നതായും ഐഡന്റിറ്റി കാർഡിൽ ഓരോ ജീവനക്കാരന്റെയും തസ്തിക സംബന്ധിച്ചുള്ള വിവ രങ്ങൾ രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി റിബണിന്റെ നിറം ഏകീകരിച്ച് നിലവിൽ പൊതുജനത്തിന്റെ മുന്നിലുള്ള വേർതിരിവിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് ബോർഡ് വിലയിരുത്തി.

ആകയാൽ ഇനി മുതൽ ഗസറ്റഡ്/നോൺ ഗസറ്റഡ്/ക്ലാസ്സ്ഫോർ വിഭാഗം ഉൾപ്പെടെ തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മുഴുവൻ സ്ഥിര ജീവന ക്കാരുടെയും ഐഡന്റിറ്റി കാർഡിന് ഉപയോഗിക്കുന്ന റിബണിന്റെ നിറം Dark Blue ആയി ഏകീകരിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനു വേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ് മേധാവികൾക്കും/ഓഫീസ് മേധാവികൾക്കും
2. ഇ.ഡി.പി സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK